II ഇ.ബി. XV- കേരള നിയമസഭ/VI-3

**പതിനഞ്ചാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2022 ആഗസ്റ്റ് 29, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹു. സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

9(*61) വനാശ്രിത സമൂഹത്തിന്റെ സംരക്ഷണം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വനാശ്രിത സമൂഹത്തിന്റെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനുവേണ്ടി വനവിഭവങ്ങളുടെ സ്ഥിരലഭ്യത ഉറപ്പുവരുത്തുന്നതിനും വനസംരക്ഷണത്തിനുമായി വനാശ്രിത വിഭാഗത്തെ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികൾ/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുക, വനവിഭവങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനാവശ്യമായ യന്ത്രസാമഗ്രികളും പരിശീലനവും നൽകുക, വനവിഭവങ്ങളുടെ വിപണനത്തിനായി വനശ്രീ വിപണന ശൃംഖല ആരംഭിക്കുക തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന്

സഭയെ അറിയിച്ചു. 2006-ലെ വനാവകാശ നിയമപ്രകാരം പരമ്പരാഗതമായി വനങ്ങളിൽ ജീവിച്ചുപോരുന്നവർക്ക് വനഭൂമിക്കും വനവിഭവങ്ങൾക്കുംമേൽ നിബന്ധനകളോടുകൂടി അവകാശങ്ങൾ അംഗീകരിച്ചുകൊടുക്കുന്നുണ്ടെന്നും വനമേഖലയുമായി ബന്ധപ്പെട്ട പൈതൃക അറിവുകൾകൂടി ഉൾക്കൊള്ളിച്ചാണ് വനവിഭവ ശേഖരണം, വനസംരക്ഷണം, വനപരിപാലനം എന്നിവ നടപ്പിലാക്കി വരുന്നതെന്നും വനഭൂമി വനേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് പൂർവ്വാനുമതി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട വന (സംരക്ഷണ) ചട്ടം 2022-ൽ ആദിവാസി ഭൂമിയും വിഭവങ്ങളും കോർപ്പറേറ്റുകൾക്ക് ചൂഷണം ചെയ്യുന്നതിനവസരം നൽകുന്ന രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ലെന്നും വ്യക്തമാക്കി. ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ശക്തമാക്കുമെന്നും അവർക്ക് പതിച്ചുനൽകിയ ഭൂമി മറിച്ചുവിൽക്കുന്നത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്നും വനവിഭവങ്ങൾ ശേഖരിക്കുന്നതിന് തടസ്സമുണ്ടാകാത്ത നിലപാട് സ്വീകരിക്കണമെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമെന്നും അറിയിച്ചു. സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 500 ആദിവാസികളെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വനപാലകൾക്ക് ആധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും

ആവശ്യമായ പരിശീലനം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും വനത്തിനകത്തുള്ള വനേതര ഭൂമിയിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് വനഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുമെന്നും വന്യജീവി ആക്രമണം ഒഴിവാക്കുന്നതിനുള്ള പ്രതിരോധനടപടികൾ സർക്കാരിന്റെ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് നടപ്പാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

10 (*62) 2019-ലെ ബഫർ സോൺ ഉത്തരവ് പിൻവലിക്കാൻ നടപടി

വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വന്യജീവി സങ്കേതത്തിന്റെയും ദേശീയോദ്യാനത്തിന്റെയും ഒരു കി. മീറ്റർ ചുറ്റളവിൽ പാരിസ്ഥിതിക സംവേദക മേഖലകൾ ഉണ്ടായിരിക്കണമെന്ന ബഹു. സുപ്രീംകോടതിയുടെ ഉത്തരവിനെത്തുടർന്ന് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തി ടി ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവ് നേടാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണെന്നും സുപ്രീം കോടതിയിൽ പുന:പരിശോധനാ ഹർജി ഫയൽ ചെയ്തിട്ടുണ്ടെന്നും ജനങ്ങൾ ആശങ്കപ്പെടേണ്ട

സാഹചര്യമില്ലെന്നും സഭയെ അറിയിച്ചു. ജനവാസകേന്ദ്രങ്ങൾ, കൃഷിയിടങ്ങൾ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന പ്രദേശങ്ങളെ പൂർണ്ണമായും ഒഴിവാക്കുന്നതിനാണ് '0-1 കി. മി.' എന്ന് ഉത്തരവിൽ ചേർത്തിട്ടുള്ളത്. ബഫർസോണുമായി ബന്ധപ്പെട്ട 2019-ലെ സർക്കാർ ഉത്തരവ് പിൻവലിക്കുകയോ ഒരു കി. മീറ്റർ നിർബന്ധമായും ബഫർസോൺ വേണമെന്ന് നിഷ്കർഷിക്കുകയോ ചെയ്തിട്ടില്ല. 31-10-2019-ലെ സർക്കാർ ഉത്തരവ് പരിഷ്കരിച്ചുകൊണ്ടുള്ള 2020-ലെ മന്ത്രിതല തീരുമാനത്തിന് സാധൂകരണം ലഭിച്ചിട്ടുണ്ടെന്നും ബഫർ സോൺ സംബന്ധിച്ച് സംസ്ഥാനങ്ങളുടെ നിലപാട് സുപ്രീംകോടതി കേട്ടിട്ടില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. 2019-ലെ മന്ത്രിസഭാ തീരുമാനപ്രകാരമുള്ള ഉത്തരവിനെത്തുടർന്നല്ല സുപ്രീംകോടതി വിധിയുണ്ടായതെന്നും ജനവാസകേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കണമെന്ന നിർദ്ദേശമാണ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ളതെന്നും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വ്യക്തമാക്കി.

11 (*63) <u>പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട എല്ലാവർക്കും ഭൂമിയും വീടും</u>

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികജാതി, പട്ടികഗോത്ര വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ, ലാന്റ് ബാങ്ക്, വനാവകാശ നിയമപ്രകാരം നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നതായി സഭയെ അറിയിച്ചു. ഭൂരഹിത പുനരധിവാസ പദ്ധതിയുടെ നിലവിലെ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടെന്നും പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്ന ഭൂമി ബന്ധപ്പെട്ട ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വായ്പയ്ക്കായി പണയപ്പെടുത്താവുന്നതാണെന്നും ടി വിഭാഗക്കാർക്ക് പൊതുമാനദണ്ഡങ്ങളിൽ ഇളവുനൽകുന്നതിന് ലൈഫ് മിഷനുമായി ചർച്ച നടത്തുമെന്നും വ്യക്തമാക്കി. ലൈഫ് പദ്ധതിക്കായി പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന വാങ്ങുന്ന ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനകാര്യവകുപ്പുമായി ചർച്ച നടത്തിയിട്ടുണ്ട്. വീടുകൾ അനുവദിക്കുന്നതിനുള്ള പ്രായപരിധിയും വരുമാന പരിധിയും ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ട തോട്ടം തൊഴിലാളികൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്ത കോളിനികളിലെ നിർമ്മാണപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത ഏജൻസികളെ മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗൃഹനിർമ്മാണത്തിന് അനുയോജ്യമല്ലാത്ത ഭൂമി വാങ്ങിനൽകിയവർക്കെതിരെ നടപടിയെടുത്തിട്ടുണ്ടെന്നും ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിന് ജനപ്രതിനിധികൾ ഉൾപ്പെടുന്ന നിരീക്ഷണ സമിതി മണ്ഡലാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുണ്ടെന്നും സിവിൽ എഞ്ചിനീയറിംഗ് പാസായ 200 ആദിവാസി യുവതീയുവാക്കളെ ട്രൈബൽ മേഖലകളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്ന അക്രെഡിറ്റഡ് എഞ്ചിനീയർമാരായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പണി പൂർത്തീകരിച്ച വീടുകൾ വാസയോഗ്യമാക്കി നൽകുന്നതിനുള്ള 'SAFE' (Secure Accommodation and Facility Enhancement) പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓരോ കുടുംബത്തിന്റെയും പ്രശ്നങ്ങൾ മനസ്സിലാക്കി

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി മൈക്രോ ലെവൽ പ്ലാനിംഗ് നടപ്പാക്കുമെന്നും ചെറ്റച്ചലിൽ 128 കുടുംബങ്ങൾക്ക് സ്ഥലത്തിന്റെ കൈവശാവകാശ രേഖ നൽകുന്ന നടപടി പൂർത്തീകരിച്ചുവെന്നും തിരുവനന്തപുരം ജില്ലയെ ഭൂരഹിത പട്ടികവർഗ്ഗക്കാരില്ലാത്ത ജില്ലയാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12(*64) ബഫർ സോൺ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, ബഫർ സോൺ സംബന്ധിച്ച ബഹു. സുപ്രീംകോടതി ഉത്തരവിനെത്തുടർന്ന് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ കണക്കിലെടുത്ത് സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ സുപ്രീംകോടതിയെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെയും കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബോധ്യപ്പെടുത്തി ടി ഉത്തരവിലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് നേടാനുള്ള വിവിധ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണെന്നും സുപ്രീംകോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ യോഗങ്ങൾ ചേർന്ന് ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും

10-08-2022-ൽ ഇതുസംബന്ധിച്ച് പുതിയ ഉത്തരവ് സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കിയതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പരിഷ്കരിച്ച ശിപാർശകൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും കാലങ്ങളായി വനഭൂമി കൈവശം വച്ചുവരുന്ന കർഷകർക്ക് പട്ടയം അനുവദിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രായലത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും സംരക്ഷിത പ്രദേശങ്ങൾക്ക് ഒരു കി. മീറ്റർ ചുറ്റളവിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശേഖരിച്ച വിവരങ്ങൾ നിശ്ചിത സമയപരിധിക്കകം സുപ്രീംകോടതിയിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നതായും മന്ത്രി വ്യക്തമാക്കി. ബഫർസോൺ മേഖലയിലുൾപ്പെടുന്ന അതിർത്തിപ്രദേശങ്ങളിലെ ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട് അയൽസംസ്ഥാനങ്ങളുമായി ഉദ്യോഗസ്ഥതലത്തിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടെന്നും കേന്ദ്ര ഹരിത ട്രൈബ്യൂണലിന്റെ

മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പരിസ്ഥിതി സംരക്ഷണത്തിന് നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.